(ബി) കേരളത്തിലെ വനഭൂമി ആകെ വിസ്തൃതിയുടെ എത്ര ശതമാനമുണ്ട് ;

(സി) ഇപ്പോഴുള്ള വനം കേരളത്തിന്റെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിന് പര്യാപ്തമാണോ ;

(ഡി) ഇല്ലെങ്കിൽ നഷ്ടപ്പെട്ട വനങ്ങൾ വീണ്ടും വച്ചുപിടിപ്പിക്കാൻ വനംവകുപ്പിന് ഇപ്പോൾ എന്തൊക്കെ പദ്ധതികളുണ്ടുള്ളത് ?

ഉത്തരം

(എ) പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിറുത്തുന്നതിന് എത്രമാത്രം വനഭൂമി ആവശ്യമാണെന്ന് ഓരോ രാജ്യത്തും നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് ആണ് തീരുമാനിക്കേണ്ടത്. ഇൻഡ്യയിലെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ആകെയുള്ള ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരുഭാഗം വനം വേണം.

(ബി) കേരളത്തിലെ വനഭൂമി ആകെ വിസ്തൃതിയുടെ 24% വരും.

(സി) ദേശീയ വനനയം അനുസരിച്ച് ഇപ്പോഴത്തെ വനം കേരളത്തിലെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിന് പര്യാപ്തമല്ല.

(ഡി) നിലവിലുള്ള സാഹചര്യങ്ങളിൽ നഷ്ടപ്പെട്ട വനങ്ങൾ തിരികെ വെച്ചുപിടിപ്പിക്കാനുള്ള സാദ്ധ്യത കുറവാണ്. സാമൂഹ്യ വനവൽക്കരണ പദ്ധതിയിലൂടെ കഴിയുന്ന വിധത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

പേപ്പാറ ജലസംഭരണിയുടെ കൃാച്ചുമെൻറ് ഏരിയായിൽപ്പെട്ട സ്ഥലം

850 [1855] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യത്തിന് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബോണക്കാട് പുൽമേടുകൾ പേപ്പാറ ജലസംഭരണിയുടെ കൃാച്ച്മെൻറ് ഏരിയായിൽ ഉൾപ്പെട്ടതാണോ ?

ഉത്തരം

അല്ല.

അഗസ്ത്യകൂടം ജീൻപൂൾ സാങ്ച്വറിയായി പ്രഖ്യാപിക്കാനുള്ള നടപടി

851 [1856] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യകൂടം ഒരു ജീൻപൂൾ സാങ്ച്വറിയായി പ്രഖ്യാപിച്ച് സംരക്ഷിക്കണമെന്ന് ഇൻഡ്യഗവൺമെൻറോ അന്താരാഷ്ട്ര സംഘടനകളോ അഭിപ്രായപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly